ARTIVITY

DIGITAL MAGAZINE

GHS NELLARACHAL

വയനാട് ജില്ലയിലെ അമ്പലവയൽ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന നെല്ലാറച്ചാൽ ഗവ ഹൈസ്കൂൾ , കേരളത്തിലെ തന്നെ പഴയകാല വിദ്യാലയങ്ങളിൽ ഒന്നാണ് . 1890 ൽ ഒരു കുടിപ്പള്ളിക്കൂടമായി ആരംഭിച്ചു എന്ന് രേഖകൾ സാക്ഷയപ്പെടുത്തുന്നു . എന്നാൽ അതിനും മുൻപേ ഈ വിദ്യാലയമുണ്ടായിരുന്നു എന്ന് പഴമക്കാർ പറയുന്നു . മൂപ്പൈനാട് സ്കൂൾ എന്നായിരുന്നു മുൻപ് ഈ വിദ്യാലയം അറിയപ്പെട്ടിരുന്നത് . മൂപ്പൈനാട് എന്നാൽ തച്ചനാടൻ മൂപ്പന്മാർ വസിച്ചിരുന്ന സ്ഥലം . 1976 ൽ യു പി സ്കൂൾ ആവുകയും , ആർ എം എസ് എ പ്രകാരം 2011 ൽ ഹൈസ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു

LITTLE KITES UNIT PRESENT

പുറപ്പാട്

അടുപ്പുകല്ലിന്റെ ആറിത്തണുക്കലിൽ നിന്നും
അലക്കുകല്ലിന്റെ നേർത്ത മിനുസത്തിൽ
നിന്നും
അരിഞ്ഞുവച്ച പച്ചക്കറിക്കരികിൽ നിന്നും
അലമാരക്കുള്ളിലെ കൈതപ്പൂമണത്തിൽ
നിന്നും
ചേലയിൽ ചാലിച്ച കരിക്കറുപ്പിൽ നിന്നും
ചൂലിന്റെ ഈർക്കിലിൽ തറച്ച സ്വപ്നത്തിൽ
നിന്നും
ചെമ്മീൻ ചാടിയാലെന്ന പഴഞ്ചൊല്ലിൽ നിന്നും
ചുറ്റുവട്ടത്തെ നൂറു നിരീക്ഷണക്കണ്ണിൽ
നിന്നും
പാതിവെന്ത അരിക്കലത്തിൽ നിന്നും
പതിയെ പുറത്തിറങ്ങിയത് കവിതയായിരുന്നു
പോകാൻ ഇടമില്ലാത്തതിനാൽ
വേലി വരെ ചെന്ന് പാതിവഴിയിൽ
തിരിച്ചെത്തിയതും കവിതയായിരുന്നു

ജീജ ജഗൻ
Teacher GHS Nellarachal

ആകാശം

നീല നിറത്തിൽ ആകാശം
വെള്ള നിറത്തിൽ ആകാശം
മഴയും തണുപ്പും തരുമാകാശം
എല്ലാവർക്കും ഇഷ്ടമാണാകാശം
നമ്മുടെ സ്വന്തം ആകാശം
ഭംഗിയുള്ള ആകാശം
പക്ഷികൾ പാറും ആകാശം
മഴവിൽ വിരിയും ആകാശം
വിമാനവും റോക്കറ്റും പായും ആകാശം
ചന്ദ്രനും സൂര്യനും വരുന്ന ആകാശം
മേലെകാണും ആകാശം
എന്തൊരു ഭംഗി ആകാശം

റയാൻ
STD 2

ദുഃ സ്വപ്നം

ജനാലച്ചില്ലയിലൂടെ പാറുന്ന കിളികളെ നോക്കുന്ന സമയത്താണ് അച്ഛന്റെ ശബ്ദം കേട്ടത്. അച്ഛൻ്റെ അരികിലേക്ക് ഓടിച്ചെന്ന മിലു ആദ്യം ശ്രദ്ധിച്ചത് കൈയ്യിലെ പൊതിയായിരുന്നു. പൊതി വാങ്ങി അച്ഛന് ഒരു ഉമ്മ കൊടുത്ത് അവൾ അത് വീതിച്ച് അനിയത്തിക്ക് കൊടുത്തു.

തനിക്ക് സ്കൂളിൽ നിന്ന് കിട്ടിയ മിഠായി ഒരു കഷ്ണം അച്ഛനും കൊടുത്തു. പാതിരാ ചന്ദ്രൻ ചിരിച്ചു കൊണ്ടിരിന്നു. നക്ഷത്രങ്ങൾ ചിരിച്ചും കളിച്ചും മധുരമായ ജീവിതം ആസ്വദിച്ചു കൊണ്ടിരിക്കുന്നു. ഒരു വലിയ കടമ തീർത്തത്
പോലെ ഹോംവർക്ക് ചെയ്ത് അവൾ നിദ്രയിലാണ്ടു.

ദുഃസ്വപ്നം കണ്ട്
ഞെട്ടിയുണർന്ന മിലു നിലാവിൻ്റെ സഹായത്താൽ പിതാവിൻ്റെ മുറിയുടെ അരികിലെത്തി. കാര്യമായി എന്തോ പിറുപിറുക്കുന്നതായി അവൾക്ക് തോന്നി അവൾ അത് ശ്രദ്ധിച്ചു. അമ്മ അച്ഛനോടായി പറയുന്നത്

അവൾ ശ്രദ്ധിച്ചു കേട്ടു. "നിങ്ങൾ എന്താണ് പറയുന്നത് നമുക്ക് ഇപ്പോൾ സ്വന്തമായ ഒരു വീട് പോലുമില്ല. ഒരു കൂലിപ്പണിയുടെ വരുമാനത്തിലാണ് നാം ജീവിക്കുന്നത്. ഈ അവസരത്തിൽ ദത്തെടുത്ത മിലുവിനെ കൂടി വളർത്തൽ വളരെ പ്രയാസമാണ് നമുക്ക് ഇപ്പോൾ മറ്റൊരു മകളുമുണ്ട്. അവളെ നമുക്ക് അനാഥാലയത്തിലാക്കാം. മിലുവിനോട് ഇനി അധികം കൂട്ട് വേണ്ടാ." "ശരി" എന്ന അച്ഛൻ്റെ മറുപടിയാണ് അവളെ വേദനിപ്പിച്ചത്.

അവൾക്ക് താങ്ങാനാവാത്തതായിരുന്നു ആ മറുപടി. അവളുടെ ഹൃദയം രണ്ടായി പിളർന്നു. കരയാൻ കണ്ണീരില്ലാതായി. അവൾ ഒറ്റപ്പെട്ടതായി അവൾക്ക് തോന്നി.

കാറ്റിൽ ലയിച്ചു ഏകാന്തതയോടൊപ്പം അവളും അലിഞ്ഞ് ചേർന്നു റൂമിലേക്ക് കയറിച്ചെന്ന അവളെ കണ്ണുകൾ സത്യം വെളിപ്പെടുത്തുന്നതായിരുന്നു. അവളെ കണ്ട അച്ഛൻ്റെ മനസ്സ് ഒന്ന് പിടഞ്ഞു വിതുമ്പുന്ന ചുണ്ടുകളാൽ മിലു പറഞ്ഞു . നിങ്ങൾ പറയുന്നതെല്ലാം ഞാൻ കേട്ടു. എൻ്റെ അച്ഛനാരായിരുന്നാലും ഞാൻ അച്ഛനായി കാണുന്നത് ഈ അച്ഛനെയാണ് നിങ്ങൾ എന്നെ വെറുക്കരുത്. ഞാൻ നിങ്ങളെ ജീവനുതുല്യം സ്നേഹിക്കുന്നു എന്ന് പറഞ്ഞ് അവൾ പൊട്ടിക്കരഞ്ഞു. തകർന്ന ഹൃദയത്താൽ കരയുന്ന അവളെ ആ പിതാവിന് കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ലായിരുന്നു. വിതുമ്പുന്ന ചുണ്ടുകളാൽ

അയാൾ അവളെ കെട്ടിപ്പിടിച്ചു.

ആ ദുഃസ്വപ്നം കാരണം അനാഥയാണെന്ന് അവൾ മനസിലാക്കി. ഏകാന്തത അവളെ മൂടിക്കഴിഞ്ഞു എന്ന് അവൾ വിചാരിച്ചു. പക്ഷെ ആ അച്ഛന്റെ സ്നേഹത്തിന് മുന്നിൽ ഏകാന്തത തലകുനിച്ചു. അനാഥയായ അവൾ ആ കുടുംബത്തിൽ ഒരംഗത്തെ പോലെ ജീവിച്ചു. ആ മാതാപിതാക്കളുടെ സ്വന്തം മകളായി അനിയത്തിക്ക് ചേച്ചിയായി അവൾ ആ കുടുംബത്തിൽ ജീവിച്ചു.

ലിയാനാ തസ്നി

ക്ലാസ്സ് 6

പെറ്റമ്മനോവ്

മേലത്തെ വരാന്തയിൽ
ഒറ്റയ്ക്കിരിക്കുമ്പോൾ
മുറ്റത്തെ മണ്ണിൽ മഴ കാലിട്ടടിച്ചു.
ഇളം കാറ്റ് ഇലയെ തഴുകി
എന്നെ തഴുകി വീശിയകന്നു.
മൊട്ടുള്ള പൂവെല്ലാം വിരിഞ്ഞു
വെള്ളത്തിൽ ജഡമായമ്മ
പൊങ്ങിക്കിടന്നു.
അമ്മയില്ലാ മഴക്കാലം ദുഃഖകരം.

റിൻഹ ഫാത്തിമ

ചിന്ത

കറുത്ത കണ്ണുകൾ
കുഴിഞ്ഞ കണ്ണുകൾ
വിളർന്ന ചുണ്ടുകൾ
വളഞ്ഞ നാസിക
പതിഞ്ഞ വാക്കുകൾ
പതറും നോട്ടവും
ഉയർന്ന ചിന്തകൾ
ഉയർന്നു വാനോളം

ജീജ ജഗൻ
ജി.എച്ച്.എസ്. നെല്ലാറച്ചാൽ

ജീവിതമേ

കാലം കൺമുന്നിൽ കൂടി അതിവേഗം കടന്നു
പോകുന്നു.. നാം കാലത്തിന്റെ സാക്ഷികൾ...
ഒരിക്കൽ നാം ബാല്യത്തിന്റെ
നിഷ്കളങ്കതയിൽ കാലത്തെ കണ്ടു.. പിന്നെ
ജീവിതത്തിന്റെ കയ്പ് നുകർന്ന് കൊണ്ട്
ഗൗരവം നിറഞ്ഞ മനസ്സുമായും കണ്ടു ...
നാളെ നാം മരണത്തിന്റെ നിത്യ
ശാന്തതയിൽ പിന്നെയും അതിനെ
നിരീക്ഷിക്കും... അങ്ങനെ കാലവും നാമും
ഒന്നാകുന്ന നാൾ കാലമൊരു മായ മാത്രം
എന്ന് നാം അറിഞ്ഞു തുടങ്ങും.അതിനിടയിൽ
ജീവിതമോ... അപരിചിതരായ കുറേ
ആളുകൾ ആകസ്മികമായി എന്തിനോ
കണ്ടുമുട്ടി കൂടി ചേർന്ന് പിന്നെ
അപ്രതീക്ഷിതമായി അകന്നു പോകുന്ന
നിഗൂഢമായ ചോദ്യമാകുന്നു...

ജിഷ്ണുദേവ്
OFFICE STAFF

അവസാന ശ്വാസം

ഒരിക്കൽ ഒരിടത്ത് ആന്റണി എന്ന ഒരാളുണ്ടയിരുന്നു വളരെയധികം കഷ്ട്പ്പെട്ടാണ് അദ്ധേഹം തന്റെ കുടുംബത്തെ സംരക്ഷിചിരുന്നത് ആന്റണീക്ക് ഒരു ദാര്യ ഉണ്ടയിരുന്നു അലോണ എന്നായിരുന്നു അവരുടെ പേര് അവർക്ക് കുട്ടികൾ ഇല്ലായിരുന്നു അതിനാൽ അവർ ദൈവത്തോട് കേണപേക്ഷിച്ചുകൊണ്ടേ ഇരുന്നു അവരുടെ വിഷമവും പ്രയാസവും കണ്ടു ദൈവം അവർക്ക് രണ്ട് ഇരട്ട പെൺ കുട്ടികളെ നൽകി കുറേ വർഷങ്ങൾക്കു ശേഷം ദൈവം അവർക്ക് രണ്ട് ഇരട്ട പെൺ കുട്ടികളെ നൽകി കുറേ വർഷങ്ങൾക്കു ശേഷം ദൈവം നൽകിയ ആ രണ്ട് കുഞ്ഞുങ്ങൾ വന്നപ്പോൾ അവരുടെ അമ്മ മരണത്തിലേക്ക് വഴുത്തിവീണു അലോണ അവരെയെല്ലാവരെയും വീട്ടു ദൈവത്തിന്റെ അടുത്തേക്ക് പോയി കരയാൻ കണ്ണുനിർ ഇല്ലാതെ ഇനി എന്തു ചെയ്യുമെന്നറിയാതെ ആന്റണി ആ രണ്ട് കുഞ്ഞുങ്ങളെ കൈകളിലെടുത്തുകൊണ്ട് സ്വന്തം ദാര്യയെ കത്തിച്ചു ചാമ്പലാക്കുന്ന അണുകളിലൂടെ കണ്ണുനീർ വറ്റിയ കൺകളാൽ ആ രണ്ട് കുഞ്ഞുങ്ങളെയും നോക്കികുഞ്ഞുങ്ങളെ വളർത്തണോ അതോ അനാഥാലയത്തിലാക്കണോ എന്നറിയാതെ അദ്ദേഹം നി ന്നു ഒടുവിൽ ആന്റണീ ചിന്തിച്ച

എന്റെ കുഞ്ഞുങ്ങളലേ ഞാൻ ജന്മം നൽകിയ എന്റെ സ്വന്തം രക്തമുള്ള എന്റെ കുഞ്ഞുങ്ങൾ അവരെ ഞാൻ എങ്ങനെ ഉപേക്ഷിക്കും ഒടുവിൽ ആന്റണീ അവരെ വളർത്താൻ തീരുമാനിച്ചു പക്ഷേ കുഞ്ഞുങ്ങൾക്ക് പാലില്ലാ കുഞ്ഞുങ്ങൾ പട്ടിണിയായി വിഷന്നു വാവിട്ടു കാരയുന്നതു കാണുവാൻ ആന്റണീക്ക് കഴിഞ്ഞില്ല എന്ത് ചെയ്യണം എന്നറിയാത്ത ആന്റണീ സ്റ്റ്തംഭിച്ചു നിന്നു അദ്ധഹം വളരെ കഷ്ട്പ്പെട്ട് പണീ ചെയ്യു് അങ്ങാടിയിലേക്ക് പോയി പാല് വാങ്ങി കുട്ടികൾക്ക് കൊടുത്തു അങ്ങനെയിരിക്കേ മാസങ്ങൾ കടന്നു പോയി ഒടുവിൽ അദ്ധേഹത്തിന്റെ നാട് ഒ◌ാരു യുദ്ധ മരുദുമിയായി മാറി മറ്റു രാജ്ജത്തു നിന്നു വന്നവർ കൊള്ളക്കായിരുന്നു ആ നാട്ടിലുള്ള മനുഷ്രരുടെ എല്ലാ സ്രത്തും അവർ തട്ടിപ്പറിക്കും ആ കൊള്ളക്കാരിൽ നിന്ന് ധാരാളം പിഞ്ചുകുഞ്ഞുങ്ങൾക്ക് അതികഠിനമായ പിഡനങ്ങൾ ഏൽക്കേണ്ടി വന്നിരുന്നു ഒടുക്കം അവർ ആന്റണിയുടെ വീട്ടിലുമെത്തി കട്ടിലിൽ കിത്തീയിരുന്ന രണ്ട് കുട്ടികളിൽ ഒരു കുട്ടിയെ അവർ കത്തിവെച്ചു കുത്തി കൊന്നു കുട്ടി ശ്രാസം കിട്ടാതെ പിടഞ്ഞു മരികുന്നത് ആ അച്ഛൻ സ്രാന്തം കണ്ണ് കെണ്ട് കണ്ടു പെട്ടെന്ന് ആന്റണീ തന്റെ കൈയ്യിലുണ്ടായിരുന്ന കോടാലിവെച്ച് അവരുടെ പുറകിലുടെ ചെന്ന് അവരെ കോടാലിവെച്ച് കുത്തി കൊന്നു ശേഷം ആ രണ്ട് കുഞ്ഞുങ്ങളെയും ഒരു

ട്ടവാലിൽ പെത്തിഞ്ഞു ആന്റണി അവിടന്ന് യാത്രയായി എങ്ങോട്ടാണെന്നറിയില്ല എന്തു ച്ചെയ്യും എന്നറിയില എന്നാലും ആന്റണി രണ്ട് മക്കളെയും കൊണ്ട് ദൂരെക്ക് ദൂരെക്ക് നടന്നു ആകുഞ്ഞുങ്ങളിൽ ഒരാൾ മരിച്ചീരുന്നു എന്നാൽ രക്തം രണ്ട് കുുഞ്ഞുങ്ങളുടെയും ദേഹത്തുണ്ടായിരുന്നു ആന്റണി അരുമില്ലത്തൊരു കാട്ടിൽ എത്തിപ്പെട്ടു ആടവൽപതുക്കെ തുറന്നു ആന്റണീക്ക് വീഷമം കഴിഞ്ഞില്ല രണ്ട് കുുഞ്ഞുളും ഒരേ വസ്ത്ര്ലമാണ് ധരിച്ചിരുന്നത് രണ്ട് പേരുടേയും ദേഹത്ത് രയതവുമുണ്ട് എന്നാൽ ആന്റണിക്കറിയമയിരുന്നു ഈ കുുഞ്ഞുങ്ങളിൽ ഒരളണ് മരിച്ചിട്ടുള്ളു എന്ന് അദ്ധഹം ഒരു പുഴതേടി നടന്നു പുഴകാണ്ടു ആ ടവൽതുറന്ന് അതിൽ നിന്നും ആന്റണി മരിച്ചു എന്നു കരുതുയ കഞ്ഞിനെ എടുത്ത് വിഷമത്തേടെ കരഞ്ഞു ആർത്തു വിളിച്ചു സക്കടത്തോടടെ ആ കുുഞ്ഞിനെ പുഴയിലേക്ക് എറിഞ്ഞു ആന്റണിക്ക് നന്നായി ദാഹിക്കുുണ്ടായിരുന്നു പക്ഷേ തന്റെ കുുഞ്ഞിനെ വലിച്ചെറിഞ്ഞ വെള്ളം കുടിക്കൻ ആന്റണിയുടെ മനസ്സ് അനുവധിച്ചില്ല നീണ്ടും മറ്റേ കുുഞ്ഞിനെ ടവലിൽ പൊതിഞ്ഞു കാട്ടിലെ ഒരു മരത്തിനു തഴെ ഇരുന്നു ആ ടവാൽ തുറന്നു കുുഞ്ഞിനെ കൈകളിലേക്ക് എടുത്തു നേകുുമ്പേൾ കുുഞ്ഞിന് ശ്യാസം ഇല്ലായിരുന്നു ആന്റണിയുടെ നെ( )പിടഞ്ഞു തന്റെ മനസ്സിൽ നിലതെറ്റി ആന്റണി പുഴയിലേക്ക് വലിച്ചെറിഞ്ഞത് യഥർത്ഥതിൽ ജീവനുള്ള കുുട്ടിയെ ആയിരുന്നു അദ്ധേഹം ആർത്ഥുവിളുചു കുുടെ ദൈവത്തോട് കരഞ്ഞു കരഞ്ഞു

അദ്ധ്യേത്തിന്റ നെഞ്ച് പെട്ടും എന്ന അവസ്ഥയായി അവസാനം ആന്റണീ ഒരു തീരു മാനമെടുത്തു ആ മരിച്ച കുട്ടിയെ ആന്റണി മണ്ണിലേക്ക് ഇറക്കി വെച്ച് മണ്ണ് മൂടി ആകുഞ്ഞു പൈതലിനേട് യാത്ര പറയുന്നു തന്റെ കുടുംബം മൊത്തം പോയീ ഇനി താൻ ജീവിച്ചിരുന്നിട്ട് ഒരു കാര്യവുമില്ല എന്ന് തോന്നിയ ആന്റണി അവിടെ യുണ്ടായിരുന്ന ഒരു വള്ളിയെടുത്ത് മരത്തിനു മീതേക്ക് ഏന്തി വലിഞ്ഞു കെട്ടിഇരു വശത്തുള്ള ദാഗം തന്റെ കഴുത്തിലുമിട്ട് അവസാന ശ്വാസം വലിച്ചു ഈ ദുമിയോട് അങ്ങനെ ആന്റണിയും യാത്ര പറഞ്ഞു........

റിയ മെഹറിൻ 6A

ANJEL
STD VII

VINISHA
STD IX



THANK YOU